പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 442 11.12.2012 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.ബെന്നി ബെഹനാൻ:<br>ശ്രീ.അൻവർ സാദത്ത്:<br>ശ്രീ.ഹൈബി ഈഡൻ: | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽവേ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കൊച്ചി മെട്രോ പദ്ധതി നടത്തിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുപ്പിനായി രണ്ട് സ്ഥലം ഏറ്റെടുക്കൽ (എൽ.എ) യൂണിറ്റുകൾ രൂപീകരിച്ചു. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഘടന, സേവന വ്യവസ്ഥകൾ എന്നിവ തീരുമാനിച്ചു. പദ്ധതിയുടെ മുന്നൊരുക്കമെന്ന നിലയിൽ ഗതാഗത നിയന്ത്രണം നടപ്പാക്കാനായി ബദൽ മാർഗ്ഗങ്ങൾ- റെയിൽവേ മേൽപ്പാലം, പ്രധാന റോഡുകളുടെ വീതി കൂട്ടൽ, ചെറിയ റോഡുകളുടെ ടാറിംഗ് എന്നിവ നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | അതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ വിഹിതമായി 1002.23 കോടിയും സംസ്ഥാന സർക്കാരിൽ നിന്നും 2009 കോടിയും, ജൈക്കയിൽ നിന്നു വായ്പയായി 2170 കോടി രൂപയുമാണ് പദ്ധതിയുടെ നടത്തിപ്പിനായി കണ്ടെത്താൻ തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ അന്തിമരൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. രൂപരേഖ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് പരിശോധിച്ചു വരുന്നു. |
| (ഡി) | റെയിൽപാതയുടെ അലൈൻമെന്റ്, സ്റ്റേഷനുകൾ, പാർക്കിംഗ് സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ്, വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) | പദ്ധതിക്കുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ഉത്തരവ് അനുസരിച്ച് പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനാണ്. |
| (എഫ്) | ഏത് സാങ്കേതിക വിദ്യയാണ് പദ്ധതിക്ക് വേണ്ടി പ്രയോജന പ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എഫ്) | അന്തിമ തീരുമാനം എടുത്തിട്ടില്ല |

**സെക്ഷൻ ഓഫീസർ**